# മരുക്കാട്ടിലെ ഒളിപ്പാർപ്പിടങ്ങൾ

• ദയ സമീൽ ഇല്ലിക്കൽ

ഗൾഫ് നാടുകളിലെ സാമൂഹ്യസംഘടനകളെക്കുറിച്ച്



മറിയക്കുട്ടി ഒരു പ്രതീകമാണ്. എറണാകുളം ജില്ലയിലെ മലയോര മേഖലയിലെ തൃപ്പൂണിത്തറ കുഗ്രാമത്തിൽ നിന്ന് സൗദി അറേബ്യയിലെ മണൽക്കാട്ടിൽ 13 വർഷം ഹോമിച്ച ഒരു സ്ത്രീ. 1997ലാണ് വീട്ടുവേലക്കാരിയായി സൗദിയുടെ വടക്കു പടിഞ്ഞാറ് ഭാഗത്ത് ഇറാഖ് അതിർത്തിയിലുള്ള ഖഫ്ജി പട്ടണത്തിൽ മറിയക്കുട്ടി എത്തിയത് . ഭർത്താവ് ഉപേക്ഷിച്ചതിനെ തുടർന്നാണ് കുടുംബം പോറ്റാൻ മധ്യവയസിന്റെ അവശതകളിലും കടൽ കടന്നെത്തിയത്. 13 വർഷങ്ങൾക്കിപ്പുറം നാട്ടിൽ തിരിച്ചുപോകാൻ സ്പോൺസറോട് ആവശ്യപ്പെട്ടപ്പോഴാണ് 12 വർഷമായി താൻ കാലാവധി തീർന്ന ഇഖാമയിലാണ് ജോലി ചെയ്തതെന്നറിയുന്നത്. ഇഖാമ പുതുക്കാനും 12 വർഷത്തെ പിഴയടക്കാനും വിമാനടിക്കറ്റിനുമടക്കം 10,000 റിയാലുമായി വിമാനം കയറ്റി വിടാൻ സ്പോൺസർ ഒരു സുഡാനിക്കൊപ്പം റിയാദ് എയർപേർട്ടിലേക്ക് അയച്ചു. ശരിയായ രേഖകളില്ലാത്തതിനാൽ അവിടെ നിന്ന് മടക്കി. രേഖകൾ ശരിയാക്കി ഒരാഴ്ചക്കകം വിമാനം കയറ്റി അയക്കാമെന്ന് പറഞ്ഞ് സുഡാനി അയാളുടെ പരിചയക്കാരനായ ഒരു സൗദിയുടെ റിയാദിലെ വീട്ടിൽ ഏൽപ്പിച്ചു. കേരളത്തിൽ നിന്ന് ഒറീസയിലേക്കുള്ളതിലേറെ ദൂരത്തിലാണ് റിയാദും ഖഫ്ജിയും തമ്മിലുള്ളത്. റിയാദ് പോലുള്ള തലസ്ഥാന നഗരിയിലെ അപരിചിത വീട്ടിൽ തനിച്ചായപ്പോഴാണ് മറിയക്കുട്ടി മലയാളികളായ സാമൂഹിക പ്രവർത്തകരുടെ സഹായം തേടുന്നത്. റിയാദിലെ അസംഖ്യം സാമൂഹിക സംഘടനകളിലൊന്നായ 'ഫെക്കാസ' പ്രവർത്തകർ വിവരമറിയുകയും ഇന്ത്യൻ എംബസിയുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടികളെടുക്കുകയും ചെയ്തു. ഒടുവിൽ ഒരു മാസത്തോളം നീണ്ട കാത്തിരിപ്പിനൊടുവിലാണ് രേഖകൾ ശരിയാക്കി നാട്ടിലെത്താനായത്.

ഗൾഫ് നാടുകളിലെ പ്രവാസി സംഘടനകളെ കുറിച്ച് നാട്ടിലുള്ളവർ പുലർത്തുന്ന 'ആളാവാനുള്ള' കൂട്ടംചേരലുകൾ എന്ന സങ്കൽപം മുറിഞ്ഞുപോകുന്നത് മനുഷ്യപ്പറ്റിന്റെയും സഹജീവി സ്നേഹത്തിന്റേയും ഉറവ വറ്റാത്ത ഇത്തരം അനുഭവങ്ങളിലൂടെ കടന്നു പോകുമ്പോഴാണ്. ഇന്ത്യ പോലുള്ള രാജ്യത്തുനിന്ന് ഭരണ-സാംസ്കാരിക-ഭൂമിശാസ്ത്രപരമായി തീർത്തും ഭിന്നമായ അന്തരീക്ഷത്തിലേക്ക് മാറുമ്പോഴുണ്ടാകുന്ന വ്യത്യാസങ്ങൾ മൂലം തൊഴിൽ-ജീവിത സാഹചര്യങ്ങളിൽ പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ മറികടക്കാൻ ഒരു പരിധിവരെ സഹായിക്കുന്നത് സംഘടനകളെന്നോ കൂട്ടായ്മകളെന്നോ വിളിക്കാവുന്ന ഈ 'കൂട്ട'ങ്ങളാണ്. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാനും വീണുടഞ്ഞു പോകുന്ന ഒരു കുടുംബത്തെയാകെ ഉടയാത്ത പളുങ്കുപാത്രത്തിൽ കൂട്ടിവെക്കാനും വേണ്ടി കടൽ കടക്കുന്നവരിൽ ഭൂരിഭാഗം പേരും ഇടറി ഇടറിയാണ് ഗൾഫ് നാടുകളിൽ കഴിയുന്നത്. അണമുറിയാത്ത മരുക്കാറ്റിൽ നിന്നും ഉയിരെടുക്കുന്ന ചൂടിൽനിന്നും ആശ്വാസത്തിൻെറ ചെറുതണലാണ് മിക്കപ്പോഴും പ്രവാസി സംഘടനകൾ.

ഗൾഫിലെ പ്രധാന അവധി ദിനങ്ങളായ വ്യാഴം, വെള്ളി ദിനങ്ങളിലാണ് പ്രവാസി സംഘടനാ പ്രവർത്തനത്തിന്റെ പ്രധാന സമയം. ഗ്രാമവും നഗരവും ഇഴ തിരിച്ചെടുക്കാനാവാത്ത കേരളീയ അന്തരീക്ഷത്തിൽ നിന്ന് ഭിന്നമായി നഗരങ്ങൾ മാത്രം കേന്ദ്രീകരിച്ച് ജീവിക്കുന്ന ഗൾഫിൽ വ്യാഴം, വെള്ളി ദിനങ്ങൾ മറ്റൊരർഥത്തിൽ ആഴ്ചയിലെ ആഘോഷ ദിനങ്ങളാണ്. കണ്ണടച്ച് പറയാനാകും ഗൾഫിലെ സർവനഗരങ്ങളിലും ഒരു സംഘടനാ യോഗമോ സാംസ്കാരിക പരിപാടിയോ ഇല്ലാത്ത ഒരു വ്യാഴം, വെള്ളി ദിനങ്ങൾ കടന്നു പോവില്ലെന്ന്. അത്രമേൽ സജീവമാണ് ഗൾഫിലെ പ്രവാസി സംഘടനാ പ്രവർത്തനം. കുടം

ബം, സമുദായം, അയൽവാസി, കല്ല്യാണം, വിരുന്ന്, സൽക്കാരം, പൊതുയോഗം, പ്രകടനം, ബന്ദ് തുടങ്ങിയ ഒരുവിധ 'കേരളീയ കലാപരിപാടി'കളും അനുഭവിക്കാനാവത്ത പ്രവാസി മലയാളിയുടെ ഒരർഥത്തിലുള്ള 'കഥാർസസിസ്' ആണ് ഈ സംഘടനാ പ്രവർത്തനം.

ഗൾഫിൽ ദുരിതമനുഭവിക്കുന്നവർക്ക് മാത്രമല്ല, നാട്ടിലെ അസംഖ്യം വിദ്യാഭ്യാസ-സാംസ്കാരിക-ധാർമിക സ്ഥാപനങ്ങൾ, ദരിദ്രർ, മക്കളെ കെട്ടിക്കാനുള്ളവർ, കടുത്ത രോഗബാധിതർ, സേവന പ്രവർത്തനങ്ങൾ തുടങ്ങി സർവതിനും ഈ 'സംഘടനകൾ' തന്നെയാണ് സാമ്പത്തിക ആശ്രയം. കേരളത്തിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെയും മുസ്‌ലിം സംഘടനകളുടെയും പ്രവർത്തകരും അനുഭാവികളും വിവിധ പേരുകളിലായി ഗൾഫുനാടുകളിൽ സജീവമാണ്. രാഷ്ട്രീയ സംഘടനകളിൽ മുസ്‌ലിം ലീഗിന്റെ പോഷക സംഘടനയായ കെ.എം.സി.സി തന്നെയാണ് ഗൾഫുനാടുകളിൽ ഏറ്റവും മുൻപന്തിയിൽ. സി.പി.എം പ്രവർത്തകർ സൗദിയിൽ നവോദയ, കേളി എന്നീ പേരുകളിലും ദുബൈയിൽ ദല, കുവൈത്തിൽ കല എന്നീ പേരുകളിലും പ്രവർത്തിക്കുന്നു. ഒ.ഐ.സി.സി എന്ന പേരിൽ കോൺഗ്രസ് നേതൃത്വം നേരിട്ട് ഇടപെട്ടാണ് ഗൾഫ് നാടുകളിൽ കോൺഗ്രസ് സംഘടനകളെ ഒറ്റ കുടക്കീഴിലാക്കിയത്. പി.ഡി.പി അനുഭാവികൾ പി.സി.എഫ് എന്ന പേരിലും ഐ.എൻ.എൽ (ഐ.എം.സി.സി), സി.പി.ഐ (ന്യൂ ഏജ്), കേരള കോൺഗ്രസ് മാണി (കേരള പ്രവാസി കോൺഗ്രസ്) തുടങ്ങിയ പേരുകളിലുമാണ് സൗദിയിൽ പ്രവർത്തിക്കുന്നത്. മുസ്‌ലിം സംഘടനകളിൽ സുന്നി വിഭാഗം എസ്.വൈ.എസ് എന്ന അവരുടെ യുവജന സംഘടനയുടെ ബാനറിലും എ.പി വിഭാഗം രിസാല സ്റ്റഡി സർക്കിളിന്റെ ബാനറിലുമാണ് പ്രവർത്തിക്കുന്നത്. മുജാഹിദ് ഔദ്യോഗിക വിഭാഗം 'ഇന്ത്യൻ ഇസ്‌ലാഹി സെന്റർ' എന്ന പേരിലും മടവൂർ വിഭാഗം 'സൗദി ഇന്ത്യൻ ഇസ്‌ലാഹി സെന്റർ' എന്ന പേരിലും സജീവമാണ്. കെ.ഐ.ജി, തനിമ എന്ന തലക്കെട്ടുകളിൽ ജമാഅത്ത് പ്രവർത്തകരും രംഗത്തുണ്ട്. സാമൂഹിക സേവന രംഗത്ത് ജമാഅത്ത് പ്രവർത്തകരുടെ നേതൃത്വത്തിൽ കേരള റിലീഫ് വിങ് സജീവമാണ്. ഫ്രറ്റേണിറ്റി ഫോറം എന്ന പേരിൽ പോപ്പുലർ ഫ്രണ്ടും രംഗത്തുണ്ട്. ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ, വണ്ടൂർ കേന്ദ്രീകരിച്ചുള്ള സുന്നി യുവജന ഫെഡറേഷൻ എന്നിവയും പ്രത്യേക ബാനറുകളില്ലല്ലെങ്കിലും രംഗത്തുണ്ട്.



കേരളത്തിലെ മിക്കവാറും ജില്ലകൾക്കായും വിവിധ പ്രദേശങ്ങൾക്കായുമുള്ള സംഘടനകൾ ഇതിനു പുറമെയാണ്. മലപ്പുറം ജില്ലയിലാണ് ഇക്കാര്യത്തിൽ മുൻപന്തിയിൽ. മലപ്പുറം ജില്ലയിലെ പ്രധാന പട്ടണങ്ങൾ, പഞ്ചായത്തുകൾ മുതൽ ചെറിയ സ്ഥലങ്ങൾക്കു വരെ കൂട്ടായ്മകളുണ്ട്. നാട്ടിലെ വിവിധ മഹല്ലു കമ്മിറ്റികൾക്കും ഇവിടെ ശാഖകളുണ്ട്. ഇവക്കു പുറമെയാണ് കലാ-സാംസ്കാരിക സംഘടനകൾ. ഗൾഫ് നാടുകളിലെ മിക്ക നഗരങ്ങളിലും പ്രവർത്തിക്കുന്ന കലാ കൂട്ടായ്മകളാണ് നാട്ടിൽ നിന്ന് കലാകാരന്മാരെയും എഴുത്തുകാരെയും ഗൾഫിലെത്തിക്കുന്നത്.

ഗൾഫുനാടുകളിൽ പ്രവർത്തിക്കുന്ന സംഘടനകളെ കോർത്തിണക്കിയുള്ള കോ-ഓർഡിനേഷൻ സംഘടനകളുമുണ്ട്. റിയാദിൽ ഫോർക്ക, എൻ.ആർ.കെ ഫോറം, ജിദ്ദയിൽ കേരളൈറ്റ്സ് ഫോറം എന്നിവക്ക് പുറമെ ജിദ്ദയിലെ ഇന്ത്യൻ കോൺസുലേറ്റിന്റെ നേതൃത്വത്തിൽ ഇന്ത്യാ ഫോറം എന്നിവ സജീവമാണ്. ഇവക്കു പുറമെ വിവിധ കുടുംബ കൂട്ടായ്മകളും വനിതകൾക്കായി പ്രത്യേക സംഘടനകളുമുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) ഗൾഫുനാടുകളിൽ പ്രവർത്തിക്കുന്നുണ്ട്. യൂറോപ്യൻ നാടുകളിലുള്ള ഫൊക്കാന, വേൾഡ് മലയാളി കൗൺസിൽ തുടങ്ങിയവക്കും ഗൾഫിൽ ശാഖകളുണ്ട്.

എന്നാൽ സാമൂഹിക സേവനത്തിന്റേയും സൗഹൃദ കൂട്ടായ്മകളുടെയും തലത്തിനപ്പുറം പൊങ്ങച്ചത്തിന്റേയും 'ആളാകലി'ന്റേയും മറ്റൊരു തലവും ഇവയിൽ പലതിനുമുണ്ട്. പത്രങ്ങളിൽ ഫോട്ടോ വരുത്താനും നാട്ടിൽനിന്ന് നേതാക്കളെ കൊണ്ടുവന്ന് അവർക്കൊപ്പം ആളാകാനും സംഘടനയുടെ തണലുപയോഗിച്ച് ബിസിനസ് വളർത്താനുമെല്ലാം ചിലർ സംഘടന ഉപയോഗിക്കാറുണ്ട്. അടുത്തിടെ ഗൾഫ് മലയാളികൾക്ക് മൊത്തത്തിൽ നാണക്കേടുണ്ടാക്കിയ അവാർഡ് വിവാദങ്ങൾ സംഘടനാ പ്രവർത്തനത്തിന്റെ ചീഞ്ഞളിഞ്ഞ മുഖങ്ങളും കാണിക്കുന്നു. ഇവയെല്ലാം മാറ്റി നിർത്തിയാലും മരുഭൂമിയിൽ ഒറ്റപ്പെട്ടു പോയവനുള്ള ഒളിപ്പാർപ്പിടങ്ങളാണ് പ്രവാസി സംഘടനകൾ.